## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :1308 　　　　　　　　03-12-2015-ൽ മറുപടിക്ക്

### ഇ.പി.ആർ.എസ്. പദ്ധതി

ചോദ്യം

ശ്രീ.പി.എ.മാധവൻ
,, വി.റ്റി.ബൽറാം
,, പാലോട് രവി
,, ഹൈബി ഈഡൻ

ഉത്തരം

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും
ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകർഷകർക്ക് ഇ.പി.ആർ.എസ്. പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | (എ) | നെൽകർഷകർക്ക് **EPRS** പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | കർഷകരിൽ നിന്ന് നെല്ല് കൈപ്പറ്റുമ്പോൾ സപ്ലൈകോയ്ക്ക് വേണ്ടി മില്ലുകൾ നല്കുന്ന രസീത് **PRS** -ഇലക്ട്രോണിക് സംവിധാനത്തിലൂടെ നിയന്ത്രിക്കപ്പെടുന്നു. അതാണ് **EPRS.** നെല്ല് സംഭരണത്തിന് കർഷകർ അപേക്ഷ സമർപ്പിക്കുമ്പോൾ രേഖപ്പെടുത്തുന്ന മുഴുവൻ വിവരങ്ങളും **Handheld POS device** -ലേക്ക് **GPRS** സംവിധാനം വഴി കൈമാറുകയും നെല്ല് ഏറ്റെടുത്തതിന് ശേഷം നെല്ലിന്റെ തൂക്കം ഉൾപ്പെടെയുള്ള അനുബന്ധ വിവരങ്ങൾ ചേർത്ത് **computer** സംവിധാനത്തിലൂടെ **EPRS (Electronic Paddy Receipt Sheet)** പുറപ്പെടുവിക്കുകയും ചെയ്യുന്നു. ഇപ്രകാരമുള്ള ഇലക്ട്രോണിക് നെല്ല് കൈപ്പറ്റ് രസീത് **(EPRS)** കർഷകർക്ക് ഇന്റർനെറ്റ് സൗകര്യമുള്ള ഏത് കമ്പ്യൂട്ടറിൽ നിന്നും എപ്പോൾ വേണമെങ്കിലും പ്രിന്റ് എടുക്കാവുന്നതാണ്. |
| (സി) | പദ്ധതി നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) | കർഷകർക്ക് രജിസ്ട്രേഷൻ സമയം മുതൽ പേയ്മെന്റ് ഓഫീസർ പാസാക്കുന്നതു വരെയും തുടർന്നും എല്ലാ വിവരങ്ങളും വിശദമായി വെബ്സൈറ്റിലൂടെ അറിയുവാൻ കഴിയുന്നു. കർഷകരെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ തെറ്റു കൂടാതെ രേഖപ്പെടുത്തിയിരിക്കുന്നതു കൂടാതെ വിവരങ്ങൾ യഥാസമയം വെബ് സൈറ്റിൽ **update** ചെയ്യപ്പെടുന്നതിനാൽ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നു. |

Beena

സെക്ഷൻ ഓഫീസർ